പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1315 06.03.2018-ലെ മറുപടിയ്ക്ക്

<u>തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഏകോപനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഏകോപനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇത് എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | 27.12.2016-ലെ സ.ഉ.(കൈ) നം.198/2016/തസ്വഭവ പ്രകാരം പൊതുസർവ്വീസിനു വേണ്ടിയുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത കേഡർ ഉണ്ടാക്കുന്നതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. 27.01.2018-ലെ സ.ഉ.(കൈ) നം.10/2018/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ ഏകീകൃത കേഡർ രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ അനുസരിച്ചുള്ള കരട് വിശേഷാൽ ചട്ടത്തിൽ അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് നിർദ്ദിഷ്ട ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ശ്രീ.എ.അജിത്കുമാർ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്. |

27.02.2018-ലെ സ.ഉ.(സാധാ) നം.570/2018/തസ്വഭവ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്ത നങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവന ക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടം തയ്യാറാക്കുന്ന മുറയ്ക്ക് ഏകോപനം നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ